KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2026/06

തിരുവനന്തപുരം
03.02.2026

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കെഎസ്ഇബി നൽകുന്ന ഇലക്ട്രിസിറ്റി ബില്ലിൽ നിന്ന് പരസ്യ വാചകം നീക്കം ചെയ്യുന്നത് സംബന്ധിച്ച്.

2026 ഫെബ്രുവരി ഒന്നു മുതൽ കെഎസ്ഇബി ലിമിറ്റഡ് നൽകി വരുന്ന ഇലക്ട്രിസിറ്റി ബില്ലിൽ "പവർകട്ടും ലോഡ് ഷെഡിങും ഇല്ലാത്ത പത്ത് വർഷങ്ങൾ" എന്ന പരസ്യവാചകം കൂടി അച്ചടിച്ചു വരുന്നതായി കാണുന്നു. യഥാർത്ഥത്തിൽ 2013 ജൂൺ മാസത്തിന് ശേഷം കേരളത്തിൽ പ്രഖ്യാപിതമായ പവർകട്ടോ ലോഡ് ഷെഡിങോ ഉണ്ടായിട്ടില്ല. അതിനുമുമ്പ് കേരളത്തിൽ നിലവിൽ ഉണ്ടായിരുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിച്ചത് ആഭ്യന്തര വൈദ്യുതോല്പാദനം വർധിപ്പിച്ചും ചിലവുകുറഞ്ഞ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടു 2011-16 ലെ യുഡിഎഫ് സർക്കാർ ആണ്. ഇതിന്റെ ഫലമായി പിന്നീട് വന്ന എൽഡിഎഫ് സർക്കാരിന്റെ കാലത്തും പ്രഖ്യാപിതമായ ലോഡ് ഷെഡിങോ പവർകട്ടോ ഏർപ്പെടുത്തേണ്ടി വന്നില്ല. എന്നാൽ ഇതിനിടയിലും ഇരു സർക്കാരുകളുടെയും കാലത്തും ചില അടിയന്തര സാഹചര്യങ്ങളിൽ അപൂർവ്വമായി വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

അതിനാൽ കഴിഞ്ഞ 12 വർഷത്തിലേറെയായി കേരളത്തിൽ പവർകട്ടോ ലോഡ് ഷെഡിങോ ഇല്ല എന്നിരിക്കെ അത് കഴിഞ്ഞ 10 വർഷക്കാലത്തേക്ക് മാത്രമായി ചുരുക്കി അവതരിപ്പിച്ച രാഷ്ട്രീയ

പ്രചാരണം നടത്തുന്നത് ഒരു പൊതുമേഖല സ്ഥാപനമായ കെഎസ്ഇബി ലിമിറ്റഡിന് ഭൂഷണമല്ല. ആയതിനാൽ വൈദ്യുതി ബില്ലിൽ അച്ചടിച്ചു വരുന്ന ഈ പരസ്യവാചകം പിൻവലിക്കുകയോ അല്ലാത്തപക്ഷം "പവർകട്ടും ലോഡ് ഷെഡിങും ഇല്ലാത്ത 12 വർഷങ്ങൾ" എന്ന് പുതുക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | ഷമീം നാട്യമംഗലം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES FEDERATION
Reg. 01-14/87
AFFI. No 10488
★ INTUC ★